ഷെഡ്യൂളുകൾ നിലവിലുണ്ടെങ്കിലും പത്തെണ്ണംപോലും നിത്യേന ഓടാറില്ല. 11 വർഷം മുമ്പ് ഡിപ്പോ ആരംഭിച്ചപ്പോൾ ഗ്യാരേജിനടുത്ത് സ്വകാര്യ കെട്ടിടത്തിൽ ആരംഭിച്ച ആഫീസ് പ്രവർത്തനം ഇപ്പോഴും അവിടെത്തന്നെ തുടരുകയാണ്. ഗ്യാരേജിലുള്ള സൗകര്യങ്ങൾ ഇതിനേക്കാൾ കഷ്ടമാണ്. ഗ്യാരേജിലെ ആസ്ബെറ്റോസ് ഷീറ്റുകൾ പൊട്ടിയിട്ട് വർഷങ്ങളായി. അത് മാറ്റിയിടാൻ ഇതുവരെയും നടപടികൾ എടുത്തിട്ടില്ല. മാനന്തവാടി സബ്ഡിപ്പോയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, മാനന്തവാടി സബ് ഡിപ്പോയിൽ നിന്നും 43 സർവ്വീസുകളാണ് നടത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എക്സ്പ്രസ്-1, സൂപ്പർ ഫാസ്റ്റ്-1, ഫാസ്റ്റ് പാസഞ്ചർ-14, ഓർഡിനറി സർവ്വീസുകൾ-27. ഇത്രയും സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് അംഗീകരിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 48 ബസുകൾ ആവശ്യമാണ്. 44 ബസുകൾ നൽകാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. ഇവയിൽ തന്നെ ചില ബസുകൾ സ്പെയർ പാർട്ട്സിന്റെ അഭാവത്തിൽ വർക്ക്ഷോപ്പുകളിൽ നിരത്തിയിട്ടിരിക്കുകയാണ്. മാത്രവുമല്ല ആകെ നടത്തുവാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂളുകൾ കൃത്യമായി നടത്തുന്നതിന് ആവശ്യമുള്ളതിനാൽ 17 ഡ്രൈവർമാരുടേയും 24 കണ്ടക്ടർമാരുടേയും കുറവ് ഇപ്പോൾ ഉണ്ട്. ഇക്കാരണങ്ങളാൽ ഇവിടത്തെ ക്യാൻസലേഷൻ നിരക്ക് കിലോമീറ്റർ അടിസ്ഥാനത്തിൽ 28 ശതമാനമാണ്. ജീവനക്കാരുടെ കുറവും സ്ഥലം മാറ്റത്തിലൂടെ നികുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുന്നതും അത്യാവശ്യം വേണ്ട സ്പെയർ പാർട്ടുകൾ ലഭ്യമാക്കുന്നതുമാണ്. ഇപ്പോൾ പുതുതായി വിഭാവന ചെയ്തിട്ടുള്ള 'bus- crew marriage' സംവിധാനം ഏർപ്പെടുത്തി ബസുകളുടേയും ജീവനക്കാരുടേയും കുറവ് അടിയന്തിരമായി പരിഗണിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള ശ്രമത്തിലാണ് കെ.എസ്.ആർ.ടി.സി. ഇതിനുപുറമേ ആഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യത്തിലേക്ക് ഗാരേജിനോട് ചേർന്നുള്ള കെട്ടിടത്തിന്റെ 1-ാം നിലയുടെ പണി പൂർത്തിയായി. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടറുടെ നിർദ്ദേശാനുസരണം ഗ്യാരേജിന്റേയും മറ്റ് കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് പണികൾ പൂർത്തിയാക്കി ഗ്യാരേജിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതാണ്.

(18) കൈത്തറിത്തൊഴിലാളി സമരം

ശ്രീ. കെ.പി. രാജേന്ദ്രൻ : കേരളത്തിലെ കൈത്തറി വ്യവസായം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്ന് സംസ്ഥാനവ്യാപകമായി എ.ഐ.ടി.യു.സി., സി.ഐ.ടി.യു., യു.ടി.യു.സി., ബി.എം.എസ്. തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കേന്ദ്ര സർക്കാർ ഓഫീസുകളുടെ മുന്നിൽ സമരം നടക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ടി.കെ. ബാലൻ എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എസ്. ആർ. സത്യൻ കമ്മിറ്റിയുടെ ശുപാർശകൾ തള്ളിക്കളയണമെന്നുള്ളതാണ് ഇന്നത്തെ സമരത്തിലെ മുഖ്യ ആവശ്യം. കേന്ദ്ര സർക്കാർ രൂപീകരിച്ച് ഈ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചാൽ കേരളത്തിലെ കൈത്തറി വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായം പൂർണ്ണമായും നിശ്ചലമാകും. അതുകൊണ്ട് കർണ്ണാടക, ആന്ധ്രാ, തമിഴ്നാട് സർക്കാരുകൾ ഇതിനെതിരെ കേന്ദ്ര ഗവണ്മെന്റിൽ നിവേദനം നൽകി സമ്മർദ്ദം ചെലുത്തിയതുപോലെ കുറേക്കൂടി ശക്തമായി സംസ്ഥാന ഗവണ്മെന്റ് ഈ പ്രശ്നത്തിൽ ഇടപെടണമെന്നും കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 10 ശതമാനം പോലും കേരളത്തിൽ നിന്നും കൈത്തറി തുണി കയറ്റുമതി ചെയ്യാൻ കഴിഞ്ഞിട്ടില്ല. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഓണത്തിനുശേഷം തൊഴിൽ സ്തംഭിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതി കണക്കിലെടുത്തുകൊണ്ട് ട്രേഡ് യൂണിയൻ സംഘടനകളുമായി അടിയന്തിരമായി ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നത്തെ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സ്പീക്കർ സർ, ഞാൻ ഇത് സംബന്ധിച്ച വിവരം വിശദമായി ഇവിടെ പറഞ്ഞതാണ്. സത്യൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിനും സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ കൈത്തറി റിസർവ്വേഷൻ നിയമം എടുത്തു കളയുന്നതിനും കഴിനൂൽ വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയും hank yarn obligation പദ്ധതി നിർത്തലാക്കുന്നതിനും സബ്സിഡിയായി ധനസഹായം ലഭ്യമാക്കുന്നത് അവസാനിപ്പിക്കാനുമുള്ള ശുപാർശകൾ അതേപടി നടപ്പിലാക്കുകയാണെങ്കിൽ ഈ വ്യവസായത്തിന്റെ അവസ്ഥ കൂടുതൽ ദയനീയമാകാനാണ് സാദ്ധ്യത. ഇത് സംബന്ധിച്ച് ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഇവിടെ നിന്നും കേന്ദ്രത്തിൽ ഒരു ഡെലിഗേഷൻ തന്നെ പോകുന്ന കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ഉപയോഗപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നുണ്ട്. സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു. ഇതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്. ഇതിനുവേണ്ടി കൈത്തറി വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റിയെ ഞങ്ങൾ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് അതിവേഗത്തിൽ തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നുരണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്നാണ് അവർ പറഞ്ഞത്. അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ നടപടിയെല്ലാം എടുത്ത് കഴിയുന്നവിധത്തിൽ കൈത്തറി വ്യവസായത്തെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(19) കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിപ്പിക്കണമെന്നആവശ്യം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കോഴിക്കോട് ജില്ലയിൽപ്പെട്ട കുന്നത്തറ ടെക്സറ്റൈൽസ് കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. അവിടെ 600-ൽ പരം തൊഴിലാളികളുണ്ട്. ഈ അഞ്ചാറു വർഷത്തിനുള്ളിൽ പത്തോളം തൊഴിലാളികൾ മരണപ്പെട്ടു കഴിഞ്ഞു. ഇവർ നിത്യ ദാരിദ്ര്യത്തിൽ അകപ്പെട്ടിരിക്കുകയാണ്. കോയമ്പത്തൂരിലെ ജി.എം. സ്വാമി അസോസിയേറ്റസ് സ്പോൺസർമാരായി കമ്പനി തുറക്കുമെന്ന് 1988 മുതൽ പറഞ്ഞു വരുന്നതാണ്. ഇതുവരെ യാതൊരു നടപടിയുമായിട്ടില്ല. അവിടത്തെ സംയുക്ത സമര സമിതി നിരവധി സമരങ്ങൾ നടത്തി. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇന്ന് ആ സംയുക്ത സമര സമിതി തിരുവന

LIBRARY ARCHIVES Kerala Legislative Assembly